**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 556** **23-06-2026-ൽ മറുപടിയ്ക്ക്**

**<u>2016 മുതൽ 2026 വരെ എക്സൈസ് വകുപ്പിൽ വിവിധ തസ്തികകളിലായി നടപ്പിലാക്കിയ നിയമനങ്ങൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. കെ. എൻ. ബാലഗോപാൽ ശ്രീ. എം. ലിജു

(സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി)

**(എ)** മുൻ സർക്കാർ കാലയളവിൽ (2016 മുതൽ 2026 വരെ) എക്സൈസ് വകുപ്പിലെ വിവിധ തസ്തികകളിലായി നൽകിയ നിയമന ശിപാർശയുടെ വിവരങ്ങൾ ലഭ്യമാക്കാമോ;

**<u>മറുപടി:</u>** 2016 മുതൽ 2026 വരെ എക്സൈസ് വകുപ്പിൽ വിവിധ തസ്തികകളിലായി ആകെ 3194 നിയമന ശിപാർശകൾ നൽകിയിട്ടുണ്ട്.

**(ബി)** മുൻ സർക്കാരിന്റെ കാലത്ത് വകുപ്പിൽ നിലനിന്നിരുന്ന സീനിയോരിറ്റി തർക്കങ്ങൾ പരിഹരിച്ച് എല്ലാ തസ്തികകളിലും അർഹമായ സ്ഥാനക്കയറ്റം നൽകാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

**<u>മറുപടി:</u>** എക്സൈസ് വകുപ്പിലെ എക്സൈസ് ഇൻസ്പെക്ടർ, എക്സൈസ് പ്രിവന്റീവ് ഓഫീസർ തുടങ്ങിയ തസ്തികകളിലെ സീനിയോറിറ്റി പട്ടികകൾ വിവിധ കോടതി വ്യവഹാരങ്ങളും സീനിയോറിറ്റി തർക്കങ്ങളും കാരണം വർഷങ്ങളായി അന്തിമമായി പ്രസിദ്ധപ്പെടുത്താൻ പറ്റാത്ത സാഹചര്യം നിലവിലുണ്ടായിരുന്നതിനെതുടർന്ന് വിവിധ തസ്തികകളിലെ റഗുലർ സ്ഥാനക്കയറ്റങ്ങൾ തടസ്സപ്പെട്ടിരുന്നു. തുടർന്ന് 22.05.2024 ലെ സ.ഉ(സാധാ)നം.425/2025/TAXES ഉത്തരവ് പ്രകാരം സീനിയോറിറ്റി പട്ടികകൾ പുനക്രമീകരിക്കുന്നതിന് എട്ടംഗ റീകാസ്റ്റിംഗ് കമ്മിറ്റി രൂപീകരിച്ച് സർക്കാർ ഉത്തരവായി. പ്രസ്തുത റീകാസ്റ്റിംഗ് കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 01.01.2004 മുതൽ 31.12.2022 വരെയുള്ള കാലയളവിലെ എക്സൈസ് ഇൻസ്പെക്ടർമാരുടെ പുനക്രമീകരിച്ച സീനിയോറിറ്റി ലിസ്റ്റ് എക്സൈസ് കമ്മീഷണർ അന്തിമമായി പ്രസിദ്ധീകരിച്ചിട്ടുള്ളതും പ്രസ്തുത സീനിയോറിറ്റി പട്ടികയിലെ മാറ്റങ്ങൾക്ക് അനുസൃതമായി തസ്തികകളായ എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ, അസി.എക്സൈസ് കമ്മീഷണർ, ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ എന്നിവയിലെയും സീനിയോറിറ്റി ലിസ്റ്റുകൾ റീകാസ്റ്റിംഗ് കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പുനക്രമീകരിച്ച് അന്തിമമായി പ്രസിദ്ധീകരിച്ചിട്ടുള്ളതുമാണ്.

ഇപ്രകാരം എക്സൈസ് ഇൻസ്പെക്ടർ തസ്തികയിലെ സീനിയോറിറ്റി ലിസ്റ്റ് പുനക്രമീകരിച്ച് അന്തിമമായി പ്രസിദ്ധപ്പെടുത്തിയതിന്റെ ഫലമായി എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ, അസി.എക്സൈസ് കമ്മീഷണർ, ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ, ജോയിന്റ് എക്സൈസ് കമ്മീഷണർ എന്നീ തസ്തികകളിലേക്ക് അർഹമായ റഗുലർ സ്ഥാനക്കയറ്റങ്ങൾ മുഴുവനായി അനുവദിക്കുവാൻ സാധിച്ചിട്ടുള്ളതാണ്. തുടർന്ന് 03.07.2025-ലെ സ.ഉ(സാധാ) നം. 627/2025/TAXES ഉത്തരവ് പ്രകാരം എക്സൈസ് പ്രിവന്റീവ് ഓഫീസർമാരുടെ 01.01.2009 മുതലുള്ള സീനിയോറിറ്റി ലിസ്റ്റും, 17.12.2025-ലെ

സ.ഉ(സാധാ) നം. 1078/2025/TAXES പ്രകാരം അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർമാരുടെ 01.01.2004 മുതലുള്ള സീനിയോറിറ്റി ലിസ്റ്റും പുനക്രമീരിക്കുന്നതിന് റീകാസ്റ്റിംഗ് കമ്മിറ്റിയെ ചുമതലപ്പെടുത്തി ഉത്തരവായിട്ടുള്ളതും ആയതിന്റെ അടിസ്ഥാനത്തിൽ 01.01.2004 മുതൽ 01.08.2018 വരെയുള്ള അസി.എക്സൈസ് ഇൻസ്പെക്ടർമാരുടെ അന്തിമ സീനിയോറിറ്റി ലിസ്റ്റ് പുനക്രമീകരിച്ച് ഉത്തരവായിട്ടുള്ളതുമാണ്. 01.01.2009 മുതലുള്ള എക്സൈസ് പ്രിവന്റീവ് ഓഫീസർമാരുടെ സീനിയോറിറ്റി ലിസ്റ്റ് പുനക്രമീകരിക്കുന്നതിനുള്ള നടപടികൾ തുടർന്നു വരുന്നതും ആയത് പൂർത്തിയാകുന്ന മുറയ്ക്ക് 02.08.2018 മുതലുള്ള അസി.എക്സൈസ് ഇൻസ്പെക്ടർമാരുടെ സീനിയോറിറ്റി ലിസ്റ്റ് പുനക്രമീകരിച്ച് അന്തിമമാക്കാവുന്നതുമാണ്. ഇക്കാലയളവിൽ പ്രിവന്റീവ് ഓഫീസർമാരുടെ പ്രൊവിഷണൽ സീനിയോറിറ്റി ലിസ്റ്റിൽ നിന്നും അസി.എക്സൈസ് ഇൻസ്പെക്ടർമാരായും, എക്സൈസ് ഇൻസ്പെക്ടർമാരായും സർക്കാർ അനുമതിയോടെ താൽക്കാലിക സ്ഥാനക്കയറ്റം നൽകി പൂർണ്ണമായും ഒഴിവുകൾ നികത്തിയിട്ടുള്ളതും ഇപ്രകാരം നൽകിയ താൽക്കാലിക സ്ഥാനക്കയറ്റങ്ങൾ പ്രസ്തുത കാലയളവിലെ പ്രിവന്റീവ് ഓഫീസർ, അസി.എക്സൈസ് ഇൻസ്പെക്ടർ തസ്തികകളിലെ സീനിയോറിറ്റി ലിസ്റ്റുകൾ പുനക്രമീകരിക്കുന്ന മുറയ്ക്ക് ക്രമവൽക്കരിക്കുന്നതുമാണ്

**(സി)** എക്സൈസ് സേനയിൽ വനിതാ പ്രാതിനിധ്യം വർദ്ധിപ്പിക്കുന്നതിനായി 2022-ലും 2025-ലുമായി മുൻ സർക്കാർ എത്ര വനിതാ സിവിൽ എക്സൈസ് തസ്തിക സൃഷ്ടിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

**മറുപടി:** 2022 ൽ 31 ഉം, 2025 ൽ 65 ഉം വനിതാ സിവിൽ എക്സൈസ് ഓഫീസർമാരുടെ തസ്തിക സൃഷ്ടിച്ചിട്ടുണ്ട്.

**(ഡി)** ടോഡി ബോർഡ്, ഡിസ്റ്റിലറികൾ, വെയർഹൗസുകൾ എന്നിവയുടെ കാര്യക്ഷമമായ പ്രവർത്തനത്തിനായി കഴിഞ്ഞ സർക്കാർ സൃഷ്ടിച്ച തസ്തികയുടെ വിവരങ്ങൾ ലഭ്യമാക്കാമോ?

**മറുപടി:**

1. ടോഡി ബോർഡ് - ജോയിന്റ് എക്സൈസ് കമ്മീഷണറുടെ ഒരു തസ്തിക.
2. ഡിസ്റ്റിലറി - എക്സൈസ് ഇൻസ്പെക്ടർ - 3, പ്രിവന്റീവ് ഓഫീസർ - 1, സിവിൽ എക്സൈസ് ഓഫീസർ – 3.
3. KSBC വെയർഹൗസ് - സർക്കിൾ ഇൻസ്പെക്ടർ - 3, പ്രിവന്റീവ് ഓഫീസർ - 3, സിവിൽ എക്സൈസ് ഓഫീസർ - 3

**സെക്ഷൻ ഓഫീസർ**